## 15 -ാം കേരള നിയമസഭ

## 8 -ാം സമ്മേളനം

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1405** — **07-02-2023 - ൽ മറുപടിയ്ക്ക്**

## എൽ.പി.എസ്.എ. ടീച്ചർ ഒഴിവുകൾ

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. അനൂപ് ജേക്കബ്** | | **ശ്രീ വി ശിവൻകുട്ടി<br>(പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി)** | |
| (എ) | തിരുവനന്തപുരം, എറണാകുളം ജില്ലകളിൽ എൽ.പി.എസ്.എ. ടീച്ചർ (മലയാളം മീഡിയം) എത്ര ഒഴിവുകൾ പി.എസ്.സി. ക്ക് റിപ്പോർട്ട് ചെയ്യാനുണ്ടെന്നും എത്ര ഒഴിവുകൾ നിലവിൽ റിപ്പോർട്ട് ചെയ്തിട്ടുണ്ടെന്നും അറിയിക്കാമോ; | (എ) | തിരുവനന്തപുരം ജില്ലയിൽ നിലവിൽ ലഭ്യമായ എല്ലാ ഒഴിവുകളും നേരിട്ടുള്ള നിയമനത്തിനായി കേരള പബ്ലിക് സർവീസ് കമ്മീഷനിൽ റിപ്പോർട്ട് ചെയ്യുകയും ടി ഒഴിവുകളിലേക്ക് നിയമന ശിപാർശ ലഭിച്ചിട്ടുള്ളതുമാണ്.<br><br>എറണാകുളം ജില്ലയിൽ എൽ.പി.എസ്.എ തസ്തികയിൽ നിലവിൽ 15 ഒഴിവുകൾ ഉണ്ട്. ട് ഒഴിവുകൾ കേഡർ പ്രകാരം അപ്ഡേറ്റ് ചെയ്തതിനുശേഷം റിപ്പോർട്ട് ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിച്ച് വരുന്നു. നിലവിൽ റിപ്പോർട്ട് ചെയ്ത ഒഴിവുകളിൽ ബൈട്രാൻസ്ഫർ നിയമനത്തിനായി റിപ്പോർട്ട് ചെയ്ത 2 ഒഴിവുകൾ ഒഴികെ ബാക്കിയെല്ലാ ഒഴിവുകളിലും പി.എസ്.സി യിൽ നിന്നും നിയമന ശിപാർശ ലഭിച്ചിട്ടുള്ളതാണ്. |
| (ബി) | ഒഴിവുകൾ സംബന്ധിച്ചുള്ള ഫിക്സേഷൻ നടപടികൾ നിലവിൽ പൂർത്തീകരിച്ചിട്ടുണ്ടോ; വിശദമാക്കാമോ; ഇല്ലെങ്കിൽ ഫിക്സേഷൻ നടപടികൾ എന്നത്തേക്ക് പൂർത്തീകരിക്കാൻ സാധിക്കുമെന്ന് അറിയിക്കാമോ; | (ബി) | 2022-23 അദ്ധ്യയന വർഷത്തിലെ തസ്തിക നിർണ്ണയ നടപടികൾ കെ.ഇ.ആർ ഭേദഗതിയെ തുടർന്ന് ഓഗസ്റ്റ് 20 നകം പൂർത്തീകരിക്കാനാണ് നിർദേശം നൽകിയിരുന്നത്. ആയത് പ്രകാരം സംസ്ഥാനത്ത് തസ്തിക നിർണ്ണയം പൂർത്തീകരിച്ചിട്ടുണ്ട്. പ്രൈമറി തലത്തിൽ ജില്ലാ വിദ്യാഭ്യാസ ആഫീസറും, ഹൈസ്കൂൾ തലത്തിൽ വിദ്യാഭ്യാസ ഉപഡയറക്ടറും ഉന്നതതല പരിശോധന നടത്തി സമർപ്പിക്കുന്ന റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ പൊതു വിദ്യാഭ്യാസ ഡയറക്ടർ അധിക തസ്തിക ശുപാർശ ചെയ്യുകയും, ഇതിന്റെ അടിസ്ഥാനത്തിൽ അധിക തസ്തിക അനുവദിച്ച് ഉത്തരവാകുകയും ചെയ്യുന്നു. ശുപാർശ ലഭ്യമാക്കുന്ന നടപടി പൂർത്തീകരിച്ച് വരുന്നു. ഇതുപ്രകാരം അധിക തസ്തിക അനുവദിക്കേണ്ടതുണ്ട്. |

| | | | |
|---|---|---|---|
| (സി) | 2023-24 അക്കാദമിക വർഷം എത്ര പ്രതീക്ഷിത ഒഴിവുകൾ നിലവിൽ കണക്കാക്കിയിട്ടുണ്ട്; രണ്ട് ജില്ലകളിലെയും ഒഴിവുകൾ സംബന്ധിച്ച വിശദാംശം ലഭ്യമാക്കുമോ? | (സി) | തിരുവനന്തപുരം ജില്ലയിൽ 2023-24 വർഷം പ്രതീക്ഷിത ഒഴിവുകളായി 42 എണ്ണം കേരള പബ്ലിക് സർവീസ് കമ്മീഷനിൽ റിപ്പോർട്ട് ചെയ്തിട്ടുണ്ട്.<br><br>എറണാകുളം ജില്ലയിൽ 2023-24 വർഷം ഏകദേശം 57 ഒഴിവുകൾ ഉണ്ടാകുമെന്ന് പ്രതീക്ഷിക്കുന്നു. |

സെക്ഷൻ ഓഫീസർ